REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 03-11-2024** **സമയം 12.30 PM**

---

## പ്രധാന വാർത്തകൾ

- കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് ഉച്ചകഴിഞ്ഞ് കോഴിക്കോടെത്തും. നെടുമ്പാശ്ശേരി, ആലുവ, തൃശൂർ റെയിൽവെ സ്റ്റേഷനുകളിൽ കേന്ദ്രമന്ത്രിയ്ക്ക് ഊഷ്മള സ്വീകരണം.
- സംസ്ഥാനത്ത് ഉപതിരഞ്ഞെടുപ്പ് നടക്കുന്ന മൂന്ന് മണ്ഡലങ്ങളിലും പ്രചാരണം ഊർജ്ജിതമായി പുരോഗമിക്കുന്നു.
- നീലേശ്വരം വെടിക്കെട്ട് അപകടത്തിൽ മരണം രണ്ടായി.
- ISL ഫുട്ബോളിൽ മുംബൈയിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ് മുംബൈ സിറ്റി FC മത്സരം.
- മുംബൈയിൽ ന്യൂസിലന്റിനെതിരായ മൂന്നാം ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യ പോരാടുന്നു.

## വാർത്തകൾ വിശദമായി

**ഒരു ദിവസത്തെ സന്ദർശനത്തിന് കേരളത്തിലെത്തിയ കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവിന് നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ ഊഷ്മള സ്വീകരണം നൽകി. കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ, മുൻ കേന്ദ്ര സഹമന്ത്രി V മുരളീധരൻ, BJP ദേശീയ നിർവാഹക സമിതിയംഗം P.K കൃഷ്ണദാസ് തുടങ്ങിയവർ ചേർന്ന് അദ്ദേഹത്തെ സ്വീകരിച്ചു. പിന്നീട് ആലുവ റെയിൽവെ സ്റ്റേഷനിലും കേന്ദ്ര മന്ത്രിക്ക് സ്വീകരണം ഒരുക്കിയിരുന്നു. ഉച്ചയ്ക്ക് കോഴിക്കോട്ടെത്തുന്ന അശ്വിനി വൈഷ്ണവ് പാലക്കാട് ഡിവിഷൻ പരിധിയിലെ റെയിൽ വികസന പദ്ധതികൾ അവലോകനം ചെയ്യും.**

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് പ്രതിനിധി നസീർ ബാബു.

..........(വോയ്സ്)........................

✪✪✪

സംസ്ഥാനത്ത് വയനാട് ലോക്സഭാ മണ്ഡലത്തിലും പാലക്കാട്, ചേലക്കര നിയമസഭാ മണ്ഡലങ്ങളിലും പ്രചാരണം ശക്തമായി പുരോഗമിക്കുന്നു. പ്രമുഖ നേതാക്കളും സ്ഥാനാർഥികളും പ്രചാരണരംഗത്ത് സജീവമാണ്.

രണ്ടാം ഘട്ട പ്രചാരണത്തിനായി UDF സ്ഥാനാർത്ഥി പ്രിയങ്കാ ഗാന്ധി വയനാട്ടിലെത്തി. ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയും പ്രിയങ്കക്ക് ഒപ്പമുണ്ട്.

LDF സ്ഥാനാർഥി സത്യൻ മൊകേരി ഇന്ന് വണ്ടൂർ, നിലമ്പൂർ മണ്ഡലങ്ങളിൽ പ്രചാരണം നടത്തുന്നത്.

NDA സ്ഥാനാർഥി നവ്യ ഹരിദാസും പ്രചാരണത്തിരക്കിലാണ്.

പാലക്കാട് മണ്ഡലത്തിലെ UDF സ്ഥാനാർത്ഥി രാഹുൽ മാങ്കൂട്ടത്തിൽ പാലക്കാട് മാത്തൂർ പഞ്ചായത്തിൽ പ്രചാരണം നടത്തി വരികയാണ്.

LDF സ്ഥാനാർഥി ഡോ P.സരിൻ, NDA സ്ഥാനാർഥി C.കൃഷ്ണകുമാർ എന്നിവർ പാലക്കാട് നഗരസഭ പ്രദേശങ്ങളിലാണ് വോട്ടർമാരെ കാണുന്നത്.

ചേലക്കരയിലും മൂന്ന് മുന്നണിയുടെയും സ്ഥാനാർഥികൾ പ്രചാരണ രംഗത്ത് സജീവമാണ്.

UDF സ്ഥാനാർത്ഥി രമ്യ ഹരിദാസ് പഴയന്നൂരിലും, NDA സ്ഥാനാർഥി K ബാലകൃഷ്ണൻ പാഞ്ഞാൾ , തിരുവില്വാമല പഞ്ചായത്തുകളിലെ പൗരപ്രമുഖരുമായും കൂടി കാഴ്ച നടത്തി.

LDF സ്ഥാനാർഥി UR പ്രദീപിന്റെ പ്രചരണത്തിന് മന്ത്രി വീണ ജോർജ് ഇന്ന് മണ്ഡലത്തിലുണ്ട്.

✪✪✪

കേന്ദ്രസഹമന്ത്രി സുരേഷ് ഗോപിക്കെതിരെ തൃശൂർ ഈസ്റ്റ് പൊലീസ് കേസ് രജിസ്റ്റർ ചെയ്തു. ഏപ്രിൽ 20-ാം തിയതി BJP ലോക്സഭാ സ്ഥാനാർത്ഥിയായിരിക്കെ രോഗികളെ മാത്രം കൊണ്ടുപോകാൻ അനുവാദം ലഭിച്ച ആംബുലൻസിൽ സഞ്ചരിച്ചുവെന്ന കുറ്റം ചുമത്തിയാണ് പൊലീസ് പ്രഥമ വിവര റിപ്പോർട്ട് തയ്യാറാക്കിയത്.

✪✪✪

**നീലേശ്വരം വെടിക്കെട്ട് അപകടത്തിൽ മരണം രണ്ടായി. പൊള്ളലേറ്റ് കോഴിക്കോട്ടെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലായിരുന്ന കിണാവൂർ സ്വദേശി രതീഷാണ് ഇന്ന് രാവിലെ മരിച്ചത്. കണ്ണൂരിലെ സ്വകാര്യാശുപത്രിയിൽ ചികിത്സയിലായിരുന്ന ഒരാൾ ഇന്നലെ മരിച്ചിരുന്നു.**

**ഒക്ടോബർ 28 - ന് അർധരാത്രി നീലേശ്വരം അഞ്ഞൂറ്റമ്പലം വീരർകാവിൽ കളിയാട്ടത്തിനിടെയാണ് വെടിക്കെട്ടപകടം ഉണ്ടായത്. അപകടത്തിൽ നൂറോളം പേർക്ക് പരുക്കേറ്റിരുന്നു.**

✪✪✪

**ജാർഖണ്ഡ് നിയമസഭാ തിരഞ്ഞെടുപ്പിന് BJP പ്രകടന പത്രിക - സങ്കല്പ പത്ര്- കേന്ദ്രമന്ത്രി അമിത്ഷാ റാഞ്ചിയിൽ പ്രകാശനം ചെയ്തു. BJP സംസ്ഥാന ഭാരവാഹികളുമായി അദ്ദേഹം തിരഞ്ഞെടുപ്പ് ഒരുക്കങ്ങൾ വിലയിരുത്തി.**

**മഹാരാഷ്ട്ര നിയമസഭാ തിരഞ്ഞെടുപ്പിലെ നാമനിർദ്ദേശ പത്രിക പിൻവലിക്കാൻ സമയപരിധി നാളെ അവസാനിക്കും. ഈ മാസം 20-നാണ് വോട്ടെടുപ്പ്.**

✪✪✪

**ഇന്ത്യയുടെ പുതുക്കിയ ദേശീയ ജൈവ വൈവിധ്യ ലക്ഷ്യവും, കർമ്മപരിപാടിയും കേന്ദ്രസഹമന്ത്രി കീർത്തിവർധൻ സിംഗ് കൊളംബിയയിൽ അവതരിപ്പിച്ചു. ബന്ധപ്പെട്ട അംഗരാജ്യങ്ങളുടെ പതിനാറാമത് സമ്മേളനത്തിലാണ് കർമ്മപരിപാടി കൊണ്ടുവന്നത്. പാരിസ്ഥിതിക വെല്ലുവിളികളും, അവ നേരിടാനാവശ്യമായ തന്ത്രങ്ങളും ഇതിലുണ്ട്.**

✪✪✪

**തമിഴ്നാട്ടിൽ ചെന്നൈ, കന്യാകുമാരി, കോയമ്പത്തൂർ, നീലഗിരി അടക്കം 12 ജില്ലകളിൽ അതിശക്തമായ മഴ പെയ്യുമെന്ന് കാലാവസ്ഥാ കേന്ദ്രം മുന്നറിയിപ്പു നൽകി. മഴയോടൊപ്പം ഇടിമിന്നലിനും സാധ്യതയുണ്ട്. 19 ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്.**

✪✪✪

**സ്ത്രീകളുടെ കലാ, കായിക, സാംസ്കാരിക അഭിരുചികൾ പ്രോത്സാഹിപ്പിക്കാൻ കണ്ണൂർ ജില്ലയിലെ പാനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ ഉജ്ജ്വല പദ്ധതിക്ക് തുടക്കമായി.**

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O ശശിധരൻ.

...........(വോയ്സ്)............

✪✪✪

കൊടകര കുഴൽപ്പണ കേസിൽ നിർണായക വെളിപ്പെടുത്തൽ നടത്തിയ BJP മുൻ ഓഫീസ് സെക്രട്ടറി തിരൂർ സതീഷിന്റെ ആദ്യ മൊഴി പുറത്തുവന്നു. കുഴൽപ്പണത്തെ കുറിച്ച് അറിയില്ലെന്നാണ് മൊഴിയിൽ സതീഷ് പറയുന്നത്. രണ്ടാം തീയതി കവർച്ച ചെയ്യപ്പെട്ട പണം BJP ഇലക്ഷൻ ഫണ്ടാണെന്ന് തനിക്കറിയില്ലെന്നും മൊഴിയിലുണ്ട്.

✪✪✪

കൊടകര കുഴൽപ്പണക്കേസിൽ തിരൂർ സതീശ് CPIM ന്റെ ഉപകരണമാണെന്ന് BJP നേതാവ് ശോഭാ സുരേന്ദ്രൻ ആരോപിച്ചു. ആരോപണങ്ങൾക്കെതിരെ കേന്ദ്ര ഏജൻസികളെ സമീപിക്കുമെന്നും അവർ തൃശൂരിൽ വ്യക്തമാക്കി.

✪✪✪

മുംബൈയിൽ ന്യൂസിലന്റിനെതിരായ മൂന്നാം ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യ പൊരുതുന്നു.

ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ ഇന്ത്യ ഏഴ് വിക്കറ്റിന് 108 റൺസെടുത്തു. ജയിക്കാൻ ഇന്ത്യക്ക് 39 റൺസ് കൂടി വേണം.

✪✪✪

ISL ഫുട്ബോളിൽ നിലവിൽ ചാമ്പ്യൻമാരായ മുംബൈ സിറ്റി FC ഇന്ന് കേരള ബ്ലാസ്റ്റേഴ്സിനെ നേരിടും. വൈകീട്ട് ഏഴരക്ക് മുംബൈ ഫുട്ബോൾ അറീനയിലാണ് മത്സരം.

ആറ് മത്സരങ്ങളിൽ നിന്ന് എട്ട് പോയിന്റോടെ ഒൻപതാം സ്ഥാനത്താണ് കേരള ബ്ലാസ്റ്റേഴ്സ്. അഞ്ച് മത്സരങ്ങളിൽ നിന്ന് ആറ് പോയിന്റ് മുംബൈ FC യ്ക്കുണ്ട്.

✪✪✪

ഒരാഴ്ചത്തെ സംസ്ഥാന സ്കൂൾ കായിക മേളക്ക് നാളെ എറണാകുളത്ത് തുടക്കമാകും. മഹാരാജാസ് കോളജ് ഗ്രൗണ്ടിലെ കായിക മേളയിൽ 39 ഇനങ്ങളിലായി 24,000 കായിക താരങ്ങൾ പങ്കെടുക്കും. വൈകീട്ട് നാലിന് കായിക മേള ബ്രാൻഡ് അംബാസഡർ ഒളിമ്പ്യൻ PR ശ്രീജേഷ് ദീപം തെളിയിക്കും. മന്ത്രി V ശിവൻ കുട്ടി മേള ഉദ്ഘാടനം ചെയ്യും. സമാപന സമ്മേളനം 11-ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

✪✪✪

എറണാകുളത്ത് നാളെ ആരംഭിക്കുന്ന സംസ്ഥാന സ്കൂൾ കായികമേളയിലെ ഭിന്നശേഷി കുട്ടികളുടെ ഇൻക്ലൂസീവ് കായികമേളയിൽ കണ്ണൂർ ജില്ലയിൽ നിന്ന് 105 കുട്ടികളെ തിരഞ്ഞെടുത്തു. ഗെയിംസ് ഇനത്തിൽ 70 കുട്ടികളും അത്‌ലറ്റിക്സ് ഇനത്തിൽ 35 കുട്ടികളുമാണ് സെലക്ഷൻ ട്രയലിലൂടെ തെരഞ്ഞെടുക്കപ്പെട്ടത്.

1600ഓളം ഭിന്നശേഷി കുട്ടികൾ കായികമേളയിൽ പങ്കെടുക്കുന്നുണ്ട്.

✪✪✪

സംസ്ഥാനത്ത് ശക്തമായ മഴ സാഹചര്യം കണക്കിലെടുത്ത് ഇന്ന് 6 ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രതാ നിർദ്ദേശം നൽകി. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി, തൃശ്ശൂർ, പാലക്കാട് ജില്ലകളിലാണ് ജാഗ്രത.

✪✪✪

കോഴിക്കോട് ജില്ലയിൽ ഇന്നലെ മഴയിലും കാറ്റിലും മാവൂർ, കൂളിമാട് ഭാഗങ്ങളിൽ മരങ്ങൾ പൊട്ടിവീണ് കനത്ത നാശമുണ്ടായി. പലയിടത്തും വൈദ്യുതിയും ഗതാഗതവും തടസ്സപ്പെട്ടു.

✪✪✪

കോഴിക്കോട് വടകര സാൻഡ്ബാങ്ക്സിനെ ഹരിത ടൂറിസം കേന്ദ്രമായി പ്രഖ്യാപിച്ചു. മാലിന്യ മുക്ത നവ കേരള ജനകീയ കാമ്പയിന്റെ ഭാഗമായി കാപ്പാട് ബ്ലൂഫ്ളാഗ് ബീച്ചിനെയും ഹരിത ടൂറിസം കേന്ദ്രമായി പ്രഖ്യാപിച്ചിട്ടുണ്ട്.

✪✪✪

സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ 'വിത്ത്' ഉത്തരമേഖലാ യുവസാഹിത്യക്യാമ്പ് കണ്ണൂർ പയ്യാമ്പലം EK നായനാർ അക്കാദമിയിൽ കഥാകൃത്ത് ടി പത്മനാഭൻ ഉദ്ഘാടനം ചെയ്തു.

ആർക്കും മനസ്സിലാകാത്ത രീതിയിൽ കഥകൾ എഴുതരുതെന്നും തന്റെ കഥകൾ എല്ലാം തന്നെ ഓർമ്മകളിൽ നിന്ന് വന്നവയാണെന്നും പത്മനാഭൻ പറഞ്ഞു.

✪✪✪

ക്രിമിനൽ പശ്ചാത്തലമുള്ള അതിഥി തൊഴിലാളികളെ കണ്ടെത്താൻ ആഭ്യന്തര വകുപ്പിന്റെ സഹായത്തോടെ വിശദമായ ആക്ഷൻപ്ലാൻ തൊഴിൽവകുപ്പ് രൂപീകരിക്കണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ ലേബർ കമ്മീഷണർ കമ്മീഷന് നൽകണമെന്നും ഉത്തരവിൽ പറയുന്നു.

കേരളത്തിൽ പണിയെടുക്കുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് പോലീസ് - തൊഴിൽ വകുപ്പുകളുടെ സംയുക്ത പരിശോധനക്ക് ശേഷം തിരിച്ചറിയൽ കാർഡ് അനുവദിക്കണമെന്ന പരാതിയിലാണ് ജുഡീഷ്യൽ അംഗം K.ബൈജുനാഥിന്റെ നിർദേശം.

✪✪✪

ഷൊർണ്ണൂരിൽ ഭാരതപ്പുഴ പാലത്തിൽ ട്രെയിനിടിച്ച് വീണ് കാണാതായ ഒരാൾക്കായി തെരച്ചിൽ തുടരുന്നു. കേരള എക്സ്പ്രസ് തട്ടി മരിച്ച ഒരു പുരുഷന്റേയും രണ്ട് സ്ത്രീകളുടേയും ശരീരങ്ങൾ ഇന്നലെ ട്രാക്കിൽ നിന്ന് കണ്ടെടുത്തിരുന്നു.

✪✪✪

കോഴിക്കോട് റെയിൽവേ സ്റ്റേഷന് സമീപം ഫുട്പാത്തിൽ സംസാരിച്ചു നിന്നയാളെ കുത്താൻ ശ്രമിച്ച കേസിലെ പ്രതി പിടിയിലായി. സുജിത്ത് എന്നയാളാണ് പ്രകോപനമൊന്നുമില്ലാതെ ആക്രമണത്തിനു മുതിർന്നത്. ഇയാളെ നേരത്തെ പൊലീസ് അറസ്റ്റു ചെയ്ത് കോടതിയിൽ ഹാജരാക്കിയിരുന്നു. തുടർനടപടികൾക്ക് ഹാജരാകാതെ ഒളിവിൽ പോയ ഇയാൾക്കെതിരെ കോടതി വാറണ്ട് പുറപ്പെടുവിച്ചിരുന്നു.

✪✪✪